©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2017 ആഗസ്റ്റ് 8<br>8th August 2017<br>1192 കർക്കടകം 23<br>23rd Karkadakam 1192<br>1939 ശ്രാവണം 17<br>17th Sravana 1939 | നമ്പർ<br>No. | 32 |

## PART III

## Co-operative Department

### ആലപ്പുഴ ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

[ഹാജർ : എം. എസ്. സുധാദേവി, ജോയിന്റ് രജിസ്ട്രാർ (ജനറൽ)]

നമ്പർ എ. ഇ. എൽ. 6457/2015. 2016 ആഗസ്റ്റ് 25.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—എ 1120-ാം നമ്പർ വെനീസ് ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)—സംഘം രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത്—ഉത്തരവാകുന്നു.

പരാമർശം :—(1) ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആലപ്പുഴയുടെ 20-6-2015-ലെ എച്ച്. എം. 272/15-ാം നമ്പർ ഉത്തരവ്.

(2) ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആലപ്പുഴയുടെ 29-7-2015-ലെ എ.ഇ.എൽ. 6457/2015-ാം നമ്പർ ഉത്തരവ്.

(3) ലിക്വിഡേറ്ററുടെ 20-8-2016-ാം തീയതിയിലെ എം. 981/2016-ാം നമ്പർ നടപടിക്രമം.

(4) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അമ്പലപ്പുഴയുടെ 23-8-2016-ാം തീയതിയിലെ എം. 981/2016-ാം നമ്പർ കത്ത്.

പരാമർശം (1) ഉത്തരവ് പ്രകാരം എ 1120-ാം നമ്പർ വെനീസ് ലേബർ കോൺട്രാക്ട് സഹകരണസംഘം (ക്ലിപ്തം) സമാപ്തീകരിക്കുകയും അമ്പലപ്പുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ മണ്ണഞ്ചേരി യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചിട്ടുള്ളതും ലിക്വിഡേറ്റർ 8-7-2015-ാം തീയതി ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത തീയതിയിലെ ആസ്തി ബാദ്ധ്യതകൾ ചുവടെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ബാദ്ധ്യതകൾ | തുക ` | സ | ക്രമ നമ്പർ | ആസ്തികൾ | തുക ` | സ |
|---|---|---|---|---|---|---|---|
| 1 | ഓഹരി (വ്യക്തികൾ) | 53,100 | .. | 1 | രൊക്കം | | |
| 2 | നിക്ഷേപം | 52,100 | .. | | (എ) കൈവശം-2290 | | |
| 3 | കരുതൽ ധനം (നിക്ഷേപിക്കാനുള്ളത്) | 2,402 | .. | | (ബി) ബാങ്കിൽ-130228 | 1,32,518 | .. |
| 4 | തേയ്മാന ഫണ്ട് | 1,050 | .. | 2 | ഫർണിച്ചർ | 1,500 | .. |
| 5 | വിദ്യാഭ്യാസ ഫണ്ട് | 789 | .. | | | | |
| 6 | സിൽബന്തി ചെലവും തൻചെലവും | 2,259 | .. | | | | |
| 7 | പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് | 596 | .. | | | | |
| 8 | അഡ്വാൻസുകൾ-കൊടുക്കേണ്ടവ | 300 | .. | | | | |
| 9 | മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം | 16,604 | .. | | | | |
| 10 | ലാഭനഷ്ടക്കണക്കുപ്രകാരമുള്ള അറ്റലാഭം | 4,818 | .. | | | | |
| | ആകെ | 1,34,018 | .. | | ആകെ | 1,34,018 | .. |

നിയമാനുസൃത ക്ലെയിം നോട്ടീസ് ലിക്വിഡേറ്റർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. എന്നാൽ യാതൊരു അവകാശമോ ആക്ഷേപമോ ഉന്നയിച്ച് ആരും ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതാണ്.

സമാപ്തീകരണ കാലയളവിൽ ലിക്വിഡേറ്റർ പിരിച്ചെടുത്തതും കൊടുത്തു തീർത്തതുമായ തുകകൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | വരവ് | തുക ` | സ | ക്രമ നമ്പർ | ചെലവ് | തുക ` | സ |
|---|---|---|---|---|---|---|---|
| 1 | പലിശ വരവ് | 3,033 | .. | 1 | ഫോട്ടോ സ്റ്റാറ്റ് | 450 | .. |
| 2 | എസ്. ബി. അക്കൗണ്ട് 4496 | 64,775 | .. | 2 | ആഡിറ്റ് ഫീസ് | 609 | .. |
| 3 | ലിക്വിഡേറ്റർ അഡ്വാൻസ് | 2,137 | .. | 3 | പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് | 596 | .. |
| 4 | ബാങ്ക് നിക്ഷേപം (എസ്. ബി. അക്കൗണ്ട് 10/10/52) | 1,28,500 | .. | 4 | ലിക്വിഡേറ്ററുടെ കണ്ടിജൻസി | 4,893 | .. |
| 5 | ചട്ടം 69(10) പ്രകാരം ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്നതിനായി തുക പിൻവലിച്ചത് | 1,486 | .. | 5 | മിച്ച ഫണ്ട് ജില്ലാ സഹകരണ ബാങ്കിൽ ചട്ടം 69(10) പ്രകാരം നിക്ഷേപിച്ചത് | 1,186 | .. |
| 6 | ചട്ടം 69(10) പ്രകാരം സ്വരൂപിച്ച ഓഹരി തുക | 300 | .. | 6 | ചട്ടം 69(10) പ്രകാരം ബാങ്കിൽ നിക്ഷേപിച്ചത് (ഓഹരി കൊടുക്കാനുള്ളത്) | 300 | .. |
| | | | | 7 | അഫിലിയേഷൻ ഫീസ് | 1,650 | .. |
| | | | | 8 | എഡ്യൂക്കേഷൻ ഫണ്ട് | 789 | .. |
| | | | | 9 | ബാങ്ക് നിക്ഷേപം | 64,533 | .. |
| | | | | 10 | ലിക്വിഡേറ്റർ അഡ്വാൻസ് തിരികെ | 2,137 | .. |
| | | | | 11 | ഷെയർ തിരികെ | 53,100 | .. |
| | | | | 12 | നിക്ഷേപം തിരികെ | 52,100 | .. |
| | | | | 13 | ലിക്വിഡേഷൻ ചാർജ്ജ് | 19,878 | .. |
| | | | | 14 | സെക്രട്ടറി അഡ്വാൻസ് തിരികെ | 300 | .. |
| | ആകെ | 2,00,231 | | | ആകെ | 2,02,521 | .. |
| | മുന്നിരിപ്പ് | 2,290 | | | നീക്കിയിരിപ്പ് | .. | .. |
| | ആകെ മൊത്തം | 2,02,521 | | | ആകെ മൊത്തം | 2,02,521 | .. |

ടി നടപടികൾക്കുശേഷം സംഘത്തിൽ ബാക്കി നിന്നിരുന്ന ആസ്തി ബാദ്ധ്യതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാദ്ധ്യതകൾ | തുക ` | സ | ക്രമ നമ്പർ | ആസ്തികൾ | തുക ` | സ |
|---|---|---|---|---|---|---|---|
| 1 | ഓഹരി (വ്യക്തികൾ) | .. | .. | 1 | രൊക്കം<br>(എ) കൈവശം<br>(ബി) ബാങ്കിൽ | .. | .. |
| 2 | നിക്ഷേപം | .. | .. | 2 | ഫർണീച്ചർ | 1,500 | .. |
| 3 | കരുതൽ ധനം (നിക്ഷേപിക്കാനുള്ളത്) | 2,402 | .. | 3 | അറ്റനഷ്ടം | 23,374 | .. |
| 4 | തേയ്മാന ഫണ്ട് | 1,050 | .. | | | | |
| 5 | വിദ്യാഭ്യാസ ഫണ്ട് | .. | .. | | | | |
| 6 | തൻചെലവും സിൽബന്തി ചെലവും | .. | .. | | | | |
| 7 | പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് | .. | .. | | | | |
| 8 | അഡ്വാൻസുകൾ—കൊടുക്കേണ്ടവ | .. | .. | | | | |
| 9 | മുന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം | 21,422 | .. | | | | |
| | ആകെ | 24,874 | .. | | ആകെ | 24,874 | .. |

ടി ആസ്തി ബാദ്ധ്യതകളെല്ലാം പിരിച്ചെടുക്കാനും കൊടുത്തുതീർക്കുവാനും കഴിയാത്തതിനാൽ പരാമർശം (2) പ്രകാരം യഥാക്രമം എഴുതിത്തള്ളിയും കണ്ടുകെട്ടിയും ഉത്തരവായിട്ടുണ്ട്. അപ്രകാരം സംഘത്തിന്റെ ബാക്കിപത്രം ചുവടെ പറയും പ്രകാരം ശൂന്യമാക്കിയിട്ടുള്ളതാണ്.

| ക്രമ നമ്പർ | ബാദ്ധ്യതകൾ | തുക ` | സ | ക്രമ നമ്പർ | ആസ്തികൾ | തുക ` | സ |
|---|---|---|---|---|---|---|---|
| 1 | ഓഹരി (വ്യക്തികൾ) | ഇല്ല | .. | 1 | രൊക്കം | | |
| | | | | | (എ) കൈവശം | ഇല്ല | .. |
| | | | | | (ബി) ബാങ്കിൽ | | |
| 2 | നിക്ഷേപം | ഇല്ല | .. | 2 | ഫർണീച്ചർ | ഇല്ല | .. |
| 3 | കരുതൽ ധനം (നിക്ഷേപിക്കാനുള്ളത്) | ഇല്ല | .. | 3 | അറ്റനഷ്ടം | ഇല്ല | .. |
| 4 | തേയ്മാനഫണ്ട് | ഇല്ല | .. | | | | |
| 5 | വിദ്യാഭ്യാസ ഫണ്ട് | ഇല്ല | .. | | | | |
| 6 | തൻചെലവും സിൽബന്തി ചെലവും | ഇല്ല | .. | | | | |
| 7 | പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് | ഇല്ല | .. | | | | |
| 8 | അഡ്വാൻസുകൾ-കൊടുക്കേണ്ടവ | ഇല്ല | .. | | | | |
| 9 | മൂന്നാണ്ടുകളിലെ വീതിക്കാത്ത ലാഭം | ഇല്ല | .. | | | | |
| | ആകെ | ഇല്ല | .. | | ആകെ | ഇല്ല | .. |

സംഘത്തിൽ മിച്ചംവന്നതും രേഖകൾ ഇല്ലാത്തതിനാൽ കൊടുത്തു തീർക്കാൻ കഴിയാത്തതുമായ എല്ലാ തുകകളും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ആലപ്പുഴ പ്രധാന ശാഖയിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. 1969-ലെ കേരള സഹകരണ സംഘം ചട്ടം 69(10) പ്രകാരവും ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 12/2015-ാം നമ്പർ സർക്കുലർ പ്രകാരവുമാണ്. ടി തുക അപ്രകാരം നിക്ഷേപിച്ചിട്ടുള്ളത്. ആയതിന് ആവശ്യമായ രേഖപ്പെടുത്തലുകൾ വരവ്-ചെലവ് കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സംഘത്തിലേക്കുള്ള ആകെയുള്ള ക്യാഷ് വരവ് ` 1,32,518 മാത്രമാണ്. ആയതിന്റെ 20% എന്നത് ` 26,504 ആണ്. ടി തുകയിൽ 15% ആയ (¾) ചെലാൻ പ്രകാരം ലിക്വിഡേഷൻ ചാർജ്ജിനത്തിൽ സർക്കാരിലേക്ക് അടച്ചിട്ടുള്ളതാണ്. ബാക്കിയുള്ള തുക (¼) ലിക്വിഡേറ്ററുടെ കണ്ടിജൻസി ചെലവുകൾ, ഫോട്ടോ സ്റ്റാറ്റ്, ആഡിറ്റ് ഫീസ്, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് എന്നിവയ്ക്ക് ഉപയോഗിച്ചിട്ടുള്ളതാണ്. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ചുചേർക്കുകയും ടി യോഗത്തിൽ ലിക്വിഡേറ്ററുടെ നാളിതുവരെയുള്ള വരവു-ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുള്ളതുമാണ്. സംഘം കണക്കുകൾ ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ എ. ഇ. എൽ. ഇൻസ്പെക്ടർ ആഡിറ്റ് ചെയ്തിട്ടുള്ളതാണ്. സമാപ്തീകരണവുമായി ബന്ധപ്പെട്ട് യാതൊരു നടപടിക്രമവും ഇനിയും ബാക്കിനിൽപ്പില്ല. സംഘത്തിന്റെ പ്രവർത്തനം പരാമർശം (3) പ്രകാരം അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് ലിക്വിഡേറ്റർ റിപ്പോർട്ട് സമർപ്പിക്കുകയും സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകണമെന്ന് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (4) പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകാവുന്നതാണെന്ന് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അമ്പലപ്പുഴ ശുപാർശ ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

എ 1120-ാം നമ്പർ വെനീസ് ലേബർ കോൺട്രാക്ട് സഹകരണസംഘം (ക്ലിപ്തം) രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണസംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. ടി സംഘത്തിന്റെ റെക്കാർഡുകളും രജിസ്റ്ററുകളും ലിക്വിഡേറ്റർ മൂന്ന് വർഷത്തേക്ക് സൂക്ഷിക്കേണ്ടതും ഈ ആഫീസിന്റെ അനുവാദം വാങ്ങിയതിനുശേഷം മാത്രം നശിപ്പിക്കേണ്ടതുമാണ്. കൂടാതെ ചട്ടം 69(10) പ്രകാരം ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുക ആയത് നിക്ഷേപിച്ച തീയതി മുതൽ മൂന്ന് വർഷത്തിനുശേഷം ഈ ആഫീസിന്റെ മുൻ അനുവാദം വാങ്ങി കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് വകമാറ്റേണ്ടതുമാണ്.

(ഒപ്പ്)

ജോയിന്റ് രജിസ്ട്രാർ (ജനറൽ),
ആലപ്പുഴ.